## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 569** **01.12.2015- ൽ മറുപടി നൽകിയത്**

## "ചെറുകിട വ്യവസായ സംരംഭങ്ങൾ"

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ.രാധാകൃഷ്ണൻ**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടി സംരംഭകത്വ സഹായ പദ്ധതി വഴി വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. ചെറുകിട വ്യവസായങ്ങളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ് വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികളും നടത്തി വരുന്നു.<br><br>ബോധവത്ക്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായ വത്ക്കരണ പദ്ധതി, ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാതലങ്ങളിൽ നടത്തി വരുന്നു. കൂടാതെ ബിസിനസ് ടു ബിസിനസ് മീറ്റ്, എമർജിംഗ് കേരള തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും |

<table>
<tr>
<td></td>
<td></td>
<td></td>
<td>പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിച്ചു. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും Single Window Clearance Board പ്രവർത്തിച്ചു വരുന്നു.<br><br>കൂടാതെ BLBC, SLBC മുതലായ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിച്ചു വരുന്നു.</td>
</tr>
<tr>
<td>ബി)</td>
<td>പുതുതായി എത്ര ചെറുകിട വ്യവസായ സംരംഭങ്ങൾ സർക്കാരിന്റെ അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ആരംഭിച്ചിട്ടുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ;</td>
<td>ബി)</td>
<td>സർക്കാരിന്റെ അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ആരംഭിച്ചിട്ടുള്ള വ്യവസായ ങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ജില്ല</th><th>സംരംഭങ്ങൾ</th><th>ആകെ</th></tr>
<tr><td>തിരുവനന്തപുരം</td><td>കൊച്ചുവേളി - 13<br>മൺവിള -6</td><td>19</td></tr>
<tr><td>കൊല്ലം</td><td>മുണ്ടക്കൽ - 1<br>ഉമയനല്ലൂർ - 1</td><td>2</td></tr>
<tr><td>പത്തനംതിട്ട</td><td>കുന്നത്താനം - 1</td><td>1</td></tr>
<tr><td>ആലപ്പുഴ</td><td>പുന്നപ്ര – 10<br>ചെങ്ങന്നൂർ - 2<br>കൊല്ലക്കടവ് - 1</td><td>13</td></tr>
<tr><td>എറണാകുളം</td><td>10</td><td>10</td></tr>
<tr><td>തൃശ്ശൂർ</td><td>അയ്യൻകുന്ന് - 10</td><td>10</td></tr>
<tr><td>പാലക്കാട്</td><td>നിഡ, കഞ്ചിക്കോട് - 35<br>കിൻഫ്ര, കഞ്ചിക്കോട് - 34<br>വൈസ് പാർക്ക്,<br>കഞ്ചിക്കോട് - 10<br>IDA, കഞ്ചിക്കോട് - 3<br>SIDCO, പുതുപരിയാരം - 10<br>DP കപ്പൂർ, ഒറ്റപ്പാലം - 7<br>SIDCO, കളപ്പള്ളി,<br>ഒറ്റപ്പാലം - 2<br>SIDCO, കള്ളിപ്പാടം,<br>ഷൊർണ്ണൂർ - 8</td><td>109</td></tr>
</table>
</td>
</tr>
</table>

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>മലപ്പുറം</td><td>പയ്യനാട്, മഞ്ചേരി - 4</td><td>4</td></tr>
<tr><td>കോഴിക്കോട്</td><td>വ്യവസായ വികസന പ്ലോട്ട് - 1<br><br>മിനി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി - 2</td><td>3</td></tr>
<tr><td>കണ്ണൂർ</td><td>ആന്തൂർ - 8</td><td>8</td></tr>
<tr><td colspan="2">ആകെ</td><td>179</td></tr>
</table>
</td>
</tr>
<tr>
<td>സി)</td>
<td>ഇതിനുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ;</td>
<td>സി)</td>
<td>എറണാകുളം ജില്ലയിൽ അങ്കമാലി ഇൻഡസ്ട്രിയൽ ഏരിയയിൽ 5,85,900/- രൂപയുടെ റോഡ് അറ്റകുറ്റ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>തൃശ്ശൂർ ജില്ലയിൽ ഇതിനായി എസ്.സി.പി ഫണ്ട് 90 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>മലപ്പുറം ജില്ലയിൽ 19,35,984/- രൂപ ഇതിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്.<br>കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ വ്യവസായ വികസന പ്ലോട്ടിലെ റോഡുകളുടെ അറ്റകുറ്റപണിക്കായി 2013-14 സാമ്പത്തിക വർഷം 23 ലക്ഷം രൂപ (70:30 പദ്ധതി പ്രകാരം) അനുവദിച്ചതിൽ 8,60,810/- രൂപ ചെലവാക്കിയിട്ടുണ്ട്.</td>
</tr>
<tr>
<td>ഡി)</td>
<td>ചേലക്കര മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ഫണ്ടനുവദിച്ച് ഭരണാനുമതി നൽകിയതിനെ തുടർന്ന് വിലയ്ക്ക് വാങ്ങിയ വരവൂർ വ്യവസായ പാർക്കിൽ എന്തെങ്കിലും ചെറുകിട വ്യവസായങ്ങളാരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;</td>
<td rowspan="2">ഡി), ഇ) & എഫ്)</td>
<td rowspan="2">വരവൂർ വ്യവസായ പാർക്കിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ വികസനത്തിനായുള്ള പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിന്റെ മൈക്രോ സ്മാൾ എന്റർപ്രൈസസ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം പദ്ധതിയിൻ കീഴിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം 10 കോടി രൂപയാണ് ഓരോ വ്യവസായ പ്രദേശത്തിന്റെയും വികസനത്തിന് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 60% കേന്ദ്ര വിഹിതമാണ്. ഇതിന്റെ പ്രാരംഭ നടപടിയായി വരവൂർ വ്യവസായ വികസന പ്ലോട്ടിന്റെ വികസനത്തിനായി വിശദമായ പദ്ധതി രേഖ തയ്യാറാക്കി കേരള സർക്കാരിന്റെ അംഗീകാര</td>
</tr>
<tr>
<td>ഇ)</td>
<td>ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?</td>
</tr>
</table>

| | | | |
|---|---|---|---|
| എഫ്) | ഈ സർക്കാരിന്റെ കാലത്ത് വരവൂർ വ്യവസായ പാർക്ക് സംരംക്ഷിക്കുവാനോ ഏതെങ്കിലും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാനോ ശ്രമിക്കുമോ? | | ത്തോടെ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് പദ്ധതി രൂപ രേഖയ്ക്ക് അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് വരവൂർ വ്യവസായ വികസന പ്ലോട്ടിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. മേൽപറഞ്ഞ കേന്ദ്ര സർക്കാർ പദ്ധതിയുടെ സംസ്ഥാന വിഹിതമായി നടപ്പ സാമ്പത്തിക വർഷത്തിൽ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വരവൂരിലെ ഭൂമിയുടെ അത്യാവശ്യ വികസന പ്രവർത്തനങ്ങൾക്കായി ഈ തുകയിൽ നിന്നും 100 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതിയും തുകയും അനുവദിക്കുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. ഇതിന് ശേഷം, ആവശ്യമുള്ള സംരംഭകന് പ്ലോട്ടുകളായി തിരിച്ച് വ്യവസായം നടത്തുന്നതിന് സ്ഥലം അനുവദിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**